LIBRARY ARCHIVES Kerala Legislative Assembly

വീടുകളിലുപയോഗിച്ച് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് ഉപയോഗിക്കാൻ പദ്ധതി

37 [2506] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, കെ. സുധാകരൻ :
,, ബി. വിജയകുമാർ :
,, പി. ടി. തോമസ് :
,, ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വീടുകളിലുപയോഗിച്ച് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് ഉപയോഗിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ആവശ്യങ്ങൾക്കാണ് അതുപയോഗിക്കുന്നത്;

(സി) വീടുകളിലുപയോഗിച്ച് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് വ്യാപകമായ തോതിൽ ഉപയോഗിക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിക്ക് മലിനമാകുന്ന ജലം ശുദ്ധീകരിച്ച് ഉപയോഗിക്കുന്ന സംവിധാനം ഇല്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

കുപ്പിയിലടച്ച കുടിവെള്ളം

38 [2507] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ കുപ്പിയിലടച്ച കുടിവെള്ളം പൊതു മാർക്കറ്റിൽ ഒരു ലിറ്ററിന് എന്തു വിലയ്ക്കാണ് വിൽക്കുന്നതെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ബ്രാൻഡ് തിരിച്ച് വിലനിലവാരം വെളിപ്പെടുത്താമോ;

(ബി) കുടിവെള്ളം കുപ്പിയിലാക്കി വില്ക്കുന്ന എല്ലാ കമ്പനികളും ചേർന്ന് കേരളത്തിലെ ഉപരിതല-ഭൂഗർഭ ജലസ്രോതസ്സുകളിൽ നിന്ന് ആകെ എടുക്കുന്ന ജലത്തിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണക്ക് ലഭ്യമാക്കുമോ;

(സി) കമ്പനികൾ ഉപയോഗിക്കുന്ന ജലത്തിന് അവർ ഏതെങ്കിലും രീതിയിൽ സർക്കാരിന് വിലയോ-നികുതിയോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;